പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4110 25.6.2018-ൽ മറുപടിയ്ക്ക്

## പൗൾട്രി വികസന കോർപ്പറേഷൻ ഇന്റർവ്യൂ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അൻവർ സാദത്ത്** | **അഡ്വ.കെ.രാജു**<br>**(വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി)** |
| എ) കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ വിവിധ തസ്തികകളിലേക്ക് മേയ് മാസം ഇന്റർവ്യൂ നടത്തുവാൻ തീരുമാനിച്ചിരുന്നോ; | എ) തീരുമാനിച്ചിരുന്നു. |
| ബി) ഏതൊക്കെ തസ്തികകളുടെ ഇന്റർവ്യൂ ആണ് നടത്തുവാൻ നിശ്ചയിച്ചിരുന്നത്; | ബി) ഓഫീസ് അസിസ്റ്റന്റ്, കമ്പ്യൂട്ടർ ഓപ്പറേറ്റർ , പ്രോഗ്രാം കോ-ഓർഡിനേറ്റർ, അക്കൗണ്ട്സ് അസിസ്റ്റന്റ് -കം-കാഷ്യർ, കമ്പനി സെക്രട്ടറി, ഫീഡ് മിൽ സൂപ്പർവൈസർ, ഫാർമസിസ്റ്റ്/സിവിൽ എൻജിനീയർ, ഫാം സൂപ്പർവൈസർ/പൗൾട്രി അസിസ്റ്റന്റ്, മാർക്കറ്റിംഗ് സൂപ്പർവൈസർ, വെറ്ററിനറി സർജൻ, ഓഫീസ് പ്യൂൺ എന്നീ തസ്തികകളിലാണ് ഇന്റർവ്യൂ നടത്തുവാൻ നിശ്ചയിച്ചിരുന്നത്. |
| സി) ഏതെങ്കിലും യുവജന സംഘടന ഇന്റർവ്യൂ അലങ്കോലപ്പെടുത്തിയതിനെ തുടർന്ന് ആയത് മാറ്റിവയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | സി) ഉണ്ട്. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം ഈ സ്ഥാപനത്തിൽ കരാർ അവസാനിച്ച തസ്തികകളിലേക്ക് കരാർ നിയമനം നൽകുന്നതിന് വിവിധ മാധ്യമങ്ങളിൽ പരസ്യം നൽകി വിജ്ഞാപനം നടത്തി, അപേക്ഷകൾ ക്ഷണിക്കുകയും ലഭിച്ച അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി യോഗ്യരായവരെ തെരഞ്ഞെടുത്ത് പട്ടിക തയ്യാറാക്കിയാണ് മെയ് മാസം 22 മുതൽ ഇന്റർവ്യൂ നടത്താൻ തീരുമാനിച്ചിരുന്നത്. |

| | | |
|---|---|---|
| | | വിവിധ സ്ഥലങ്ങളിൽ നിന്ന് ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂ നടക്കുന്ന സ്ഥലമായ കോർപ്പറേഷന്റെ പേട്ടയിലെ ആസ്ഥാന മന്ദിരത്തിൽ എത്തിച്ചേർന്നിരുന്നു. ഡി.വൈ.എഫ്.ഐ എന്ന് അവകാശപ്പെടുന്ന ആറു സംഘം യുവാക്കൾ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടക്കുന്ന സ്ഥലത്ത് നിന്ന് ബലം പ്രയോഗിച്ച് പുറത്താക്കുകയും മാനേജിംഗ് ഡയറക്ടറെയും ,ചെയർപേഴ്സനെയും തടഞ്ഞു വയ്ക്കുകയും അസഭ്യം പറയുകയും ചെയ്തു. ഇന്റർവ്യൂ നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ഇന്റർവ്യൂ മാറ്റി വയ്ക്കാൻ തീരുമാനിക്കുകയും ചെയ്തു. |
| ഡി) | പ്രസ്തുത യുവജന സംഘടന എന്ത് കാരണത്താലാണ് മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ളവരെ തടഞ്ഞുവച്ചത്; ഇത് സംബന്ധിച്ച് പരാതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) ഇന്റർവ്യൂ നടത്താൻ സാധ്യമല്ലെന്ന് പറഞ്ഞു കൊണ്ടാണ് മാനേജിംഗ് ഡയറക്ടറെയും മറ്റും തടഞ്ഞു വച്ചത്. പരാതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ